# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം അഞ്ചാം ഞായർ

### ലൂക്കാ 16,19–31

"ലക്ഷങ്ങൾ വിലയുള്ള ആഢംബരക്കാറുകളിൽ
സിഗ്നൽ കാത്ത് നിരത്തിൽ കിടക്കുമ്പോൾ
അരച്ചാൺ വയറ് തടവി കൈ നീട്ടുന്ന
പാഴ്ജന്മങ്ങളെ കാണാൻ സാധിക്കാത്തവർ
ഒരു നാൾ ജന്മം പാഴാക്കിയ ധനികനെ പോലെ ദൈവത്തോട് കെഞ്ചും,
ഒരിറ്റ് വെള്ളത്തിന് വേണ്ടി!"

പങ്കുവയ്ക്കുന്ന ധനം ദൈവാനുഭവം സമ്മാനിക്കും! ധനമെന്നത് സ്നേഹമാകാം, സമയമാകാം, സന്തോഷമാകാം...

"അപ്പോൾ ധനവാൻ പറഞ്ഞു: പിതാവേ, അങ്ങനെയെങ്കിൽ, ലാസറിനെ എന്റെ പിതൃഭവനത്തിലേക്ക് അയയ്ക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ചു സഹോദരൻമാരുണ്ട്. അവരും പീഡകളുടെ ഈ സ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ അവർക്കു സാക്ഷ്യം നൽകട്ടെ" (ലൂക്കാ 16,27-28). പീഡനങ്ങളുടെ സ്ഥലത്തേയ്ക്ക് ആർക്കും കടന്ന് ചെല്ലാൻ വലിയ താത്പര്യം ഒന്നുമില്ല. നല്ല കള്ളനെപ്പോലെ അവസാന നിമിഷമെങ്കിലും മാനസാന്തരപ്പെട്ട് എങ്ങനെയെങ്കിലും സ്വർഗ്ഗം സ്വന്തമാക്കണം. ഇത് തന്നെയാണ് എല്ലാ മനുഷ്യരുടെയും ആഗ്രഹം. കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ചിന്തോദീപകമായ സംഭവങ്ങളിലൊന്ന്.

ഒരിക്കൽ ഒരാൾ ദൈവത്തിനോട് ഒരു വരം ചോദിച്ചു;

"ദൈവമേ ഞാൻ ഭൂമിയിൽ ജനിച്ചു. എന്തായാലും ഒരിക്കൽ ഞാൻ മരിക്കും. ആ മരണഭയം കാരണം എനിക്ക് ജീവിതം ആസ്വദിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എനിക്ക് അങ്ങ് മരിക്കാതിരിക്കാൻ ഒരു വരം തരുമോ?"

ദൈവം പറഞ്ഞു; "കുഞ്ഞേ എല്ലാ ജീവജാലങ്ങളും ഭൂമിയിൽ ജീവിക്കുന്നത് പ്രകൃതിയുടെ നിയമത്തിനനുസരിച്ചാണ്. മരണം പ്രകൃതി നിയമമാണ് അത് മറ്റാൻ സാധിക്കുന്നതല്ല..."

അയാൾ ദൈവത്തോട് പറഞ്ഞു; "എങ്കിൽ ഞാൻ മരിക്കുന്നതിനു മുൻപ് അങ്ങ് എനിക്ക് മുന്നറിപ്പ് നൽകണം, അതുവരെ ഞാൻ മരണ ഭയമില്ലാതെ കഴിഞ്ഞോട്ടെ..."

ദൈവം പറഞ്ഞു; "ശരി നിനക്ക് ഒന്നല്ല നാലു തവണ ഞാൻ മുന്നറിയിപ്പ് നൽകാം..."

അയാൾക്ക് സന്തോഷമായി ഇനി മരണമടുക്കുമ്പോൾ ദൈവം നാലു തവണ പറയുമല്ലോ. ഇനി ആ മരണഭയം വേണ്ട. മരണത്തിനു മുൻപ് ദൈവം മുന്നറിപ്പ് നൽകുമ്പോൾ ദാനധർമ്മാദികൾ ചെയ്ത് സ്വർഗ്ഗം നേടാം... അയാൾ ജീവിതം ആസ്വദിക്കാൻ തുടങ്ങി...

നാളുകൾ കഴിഞ്ഞു ഒരു ദിവസം പെട്ടന്ന് അയാൾ മരിച്ചു...

മരണ ശേഷം അയാളുടെ ആത്മാവ് ചിന്തിച്ചു; "ദൈവം മരിക്കുന്നതിനു മുൻപ് മുന്നറിപ്പ് തന്നില്ലല്ലോ, ദൈവത്തോട് ചോദിച്ചിട്ടു തന്നെ കാര്യം..."

അയാൾ ദൈവത്തിന്റെ അടുത്ത് എത്തി...

ദൈവത്തോടു ചോദിച്ചു; "ദൈവമേ മരിക്കുന്നതിനു മുൻപ് മുന്നറിപ്പ് നൽകാമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ, ഒരു മുന്നറിപ്പും കിട്ടാതെ ഞാൻ മരിച്ചു, എനിക്ക് സൽകർമ്മങ്ങൾ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, എനിക്ക് എങ്ങനെ സ്വർഗ്ഗം കിട്ടും? ഇത് ഒരു മാതിരി പോക്രിത്തരമായി പോയി..."

ദൈവം പറഞ്ഞു: "എടാ വിഡ്ഢി ഞാൻ നിനക്ക് നാലു തവണ മുന്നറിപ്പ് നൽകി. ആദ്യം ഞാൻ നിന്റെ കറുത്ത മുടി വെളുപ്പിച്ചു. നിയത് ചായം തേച്ചു കറുപ്പിച്ചു...

പിന്നെ നിന്റെ കണ്ണിന്റെ കാഴ്ച കുറച്ചു, നീ കണ്ണാടിയും ലെൻസും ഉപയോഗിച്ച് നിന്റെ മനസ്സിനു സുഖം തരുന്ന കാഴ്ച കണ്ടു...

പിന്നെ നിന്റെ പല്ലുകൾ എല്ലാം ഞാൻ പൊഴിച്ചു, നീ വെപ്പുപല്ലു വെച്ച് എല്ലാം ഭക്ഷിച്ചു..

പിന്നെ ഞാൻ നിന്റെ തൊലിപ്പുറത്ത് ചുളുവുകൾ നൽകി, നീ സൗന്ദര്യ വസ്തുക്കൾ പുരട്ടി അതിനെയും മറച്ചു...

ഇതൊന്നും മനസ്സിലാക്കാൻ നിന്റെ അത്യാർത്തി കാരണം കഴിഞ്ഞില്ല, ശാരീരിക സുഖം കത്തെുന്നതിലായിരുന്നു നിനക്ക് താൽപര്യം, കടന്നു പോകു..."

അയാൾ ഇളഭ്യനായി തിരിച്ചുപോയി.

നാം ജീവിക്കുന്ന ഓരോ ദിവസവും ഈശ്വരന്റെ മുന്നറിപ്പുണ്ട്. അതു മനസ്സിലാക്കാൻ സ്വയം ശ്രദ്ധിക്കുക. കഴിഞ്ഞു പോകുന്ന ഓരോ ദിവസവും നാം മരണവുമായി അടുക്കുകയാണ്. ധനികനായിരിക്കുന്നത് തിന്മയല്ല. അതുപ്പോലെ തന്നെ ദരിദ്രനായിരിക്കുന്നത് നന്മയുമല്ല. പക്ഷെ, പങ്കുവയ്ക്കാത ധനം പാപമാണെന്ന് വചനം സമർത്ഥിക്കുന്നുണ്ട്. അതുകൊണ്ടാണ് വചനഭാഗത്തിലൂടെ കർത്താവ് പറഞ്ഞ് വയക്കുന്നത്, 'ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഉട്ടകം സൂചികുഴയിലൂടെ പ്രവേശിക്കുന്നതാണ്' എന്ന്.

**കണ്ണിൽ കാണുന്ന നന്മചെയ്യാൻ മറന്ന് പോകരുത്. പടിവാതിൽക്കൽ ഇപ്പോഴും ഒരുപാട് ദരിദ്രലാസർമാരുണ്ട്...**

"ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലുംനിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (ലൂക്കാ 12,15).

"നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളൻമാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല" (ലൂക്കാ 12,33).

ധനവാന്റെയും ലാസറിന്റെയും ഉപമ പഠിപ്പിക്കുന്നത് ഒറ്റവാചകത്തിൽ പറഞ്ഞാൽ, 'ദൈവത്തെപ്പോലെ തന്നെ സഹോദരനെയും സ്നേഹിക്കുന്നവനുമാത്രമെ ദൈവരാജ്യം സ്വന്തമാക്കാൻ സാധിക്കു' എന്നതു മാത്രമാണ്. 'ആ ദരിദ്രൻ മരിച്ചു. ദൈവദൂതൻമാർ അവനെ അബ്രാഹത്തിൻെറ മടിയിലേക്കു സംവഹിച്ചു. ആ ധനികനും മരിച്ച് അടക്കപ്പെട്ടു. അവൻ നരകത്തിൽ പീഡിപ്പിക്കപ്പെടുമ്പോൾ കണ്ണുകൾ ഉയർത്തി നോക്കി; ദൂരെ അബ്രാഹത്തെയും അവൻെറ മടിയിൽ ലാസറിനെയും കണ്ടു" (ലൂക്കാ 16,22-23). ചുരുക്കത്തിൽ, കർത്താവ് പറഞ്ഞ ധനികന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമയിൽ ദരിദ്രൻ സ്വർഗ്ഗത്തിലും, ധനവാൻ നരകത്തിലും. ദരിദ്രനായ ലാസറിന് സ്വർഗ്ഗം സ്വന്തമാക്കാൻ പകത്തിന് ഒരു നന്മയും ചെയ്തതായി കർത്താവ് പറയുന്നില്ല. അതുപ്പോലെതന്നെ, ധനവാന് സ്വർഗ്ഗം നഷ്ടപ്പെടാനും നരകം ലഭിക്കാനും

എന്തെങ്കിലും തിന്മ ചെയ്തതായും വചനം പങ്കുവയ്ക്കുന്നില്ല. യഹൂദരുടെ ചിന്തയിൽ ധനവും സമൃദ്ധിയും ദൈവം അനുഗ്രഹിക്കുന്നതിന്റെ അടയാളമാണ്. ജോബിന്റെ ജീവിത ചരിത്രം വായിക്കുമ്പോൾ അത് മനസിലാകും. എന്നിട്ടും, ദരിദ്രനായ ലാസറിന് സ്വർഗ്ഗരാജ്യവും ധനവാന് നരകവും!

ഇതിനുള്ള ഉത്തരം വചനഗ്രന്ഥത്തിന്റെ വരികൾക്കിടയിലൂടെ വായിച്ചാൽ വ്യക്തമാകും. "സ്വർഗ്ഗം തിന്മ ചെയ്യാത്തവർക്കുള്ളതല്ല. മറിച്ച്, നന്മ ചെയ്യുന്നവർക്കുള്ളതാണ്." ഇനിയൊന്ന് ധനവാന്റെ ജീവിതത്തിലേയ്ക്കൊന്നു നോക്കുക. ധനവാന് സ്വർഗ്ഗം സ്വന്തമാക്കാൻ പാകത്തിന് എന്ത് നന്മയാണ് ചെയ്തത്. ധനവാന് നന്മ ചെയ്യാൻ പാകത്തിന് ഒരുപാട് നല്ല അവസരങ്ങൾ ഉണ്ടായിരുന്നു. എന്നിട്ടും, കണ്ണിൽ കണ്ട നന്മ ചെയ്യാതെ (ലാസറിനെ സഹായിക്കാതെ) സ്വന്തം സുഖവും സന്തോഷവും മാത്രം മുന്നിൽ കണ്ട് അവൻ യാത്ര ചെയ്തു. അവന്റെ ചിന്തകളിൽ നന്മകളില്ലായിരുന്നു. സുഭിക്ഷമായ ഭക്ഷണവും രാജകീയമായ ജീവിതശൈലിയും സ്വന്തമാക്കിയ ധനികൻ ദൈവത്തെയും ദൈവം ഭരമേൽപ്പിച്ച സഹോദരങ്ങളെയും മറന്ന് ജീവിച്ചു. ചുരുക്കത്തിൽ, ധനവാന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമ ആഢംബരങ്ങൾക്കിടയിൽ ദൈവത്തെയും ദൈവം ഭരമേൽപ്പിച്ച സഹോദരങ്ങളെയും മറന്ന് ജീവിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ്.

ശരീരത്തെയും വയറിനേയും കുറിച്ച്മാത്രം ചിന്തിച്ച് ജീവിച്ചിരുന്ന മനുഷ്യനാണ് ധനവാൻ. ദൈവത്തെപ്പോലും മറന്ന് ജീവിച്ചവൻ. ദൈവത്തെ മറന്ന് ജീവിച്ചവനെ ദൈവം പോലും മറന്ന് കളയുന്നു. ദൈവത്തിന് പോലും അവന്റെ പേര് അറിയുന്നില്ല... പറയുന്നില്ല.... പക്ഷെ, ലാസറിനെ ദൈവം അറിഞ്ഞിരുന്നു. ലാസറും ദൈവത്തെ അറിഞ്ഞിരുന്നു. അവന്റെ സഹനങ്ങളിൽ അവൻ കണ്ണുകളുയർത്തി ദൈവത്തെ നോക്കുമായിരുന്നു. അതുകൊണ്ട് തന്നെ ലാസറിന്റെ പേരും വീടും ദുരിതവും കണ്ണുനീരും വ്രണങ്ങളും എല്ലാം ദൈവം അറിഞ്ഞിരുന്നു. കർത്താവ് പറഞ്ഞ ഉപമയിൽ ഒരു കഥാപാത്രത്തിന് മാത്രമെ ദൈവം പേരിട്ടിട്ടൊള്ളു. ആ പേര് 'ലാസർ' എന്നാണ്. ലാസർ എന്ന പേരിന്റെ അർത്ഥം 'ദൈവം രക്ഷിക്കുന്നു' എന്നാണ്. ആരും തുണയില്ലാത്തവർക്ക് ദൈവം തുണ!

**സ്വന്തം മകളെ 101 പവവും 10 ലക്ഷം രൂപയും കൊടുത്ത് കെട്ടിക്കുമ്പോൾ അയൽപക്കത്തിലെ കെട്ടുപ്രായം കവിഞ്ഞ് നിൽക്കുന്ന പെൺകുട്ടിയെ കാണാതെ പോകരുത്!**

"ദൈവഭക്തി ആയുസ്സ് വർദ്ധിപ്പിക്കുന്നു;
ദുഷ്ടരുടെ ജീവിതകാലം പരിമിതമായിരിക്കും.. "
സുഭാ 10,27

ഫാ. ജോബി മേനോത്ത്
+91 944 7777 931